(ബി) ഉണ്ട്.

1995-96 വർഷത്തിൽ അനുവദിച്ച പണികൾ 6.6.1996-നു മുൻപായും 1995-96-നു മുൻപുള്ള വർഷങ്ങളിൽ അനുവദിച്ച പണികൾ 5.8.1996-നു മുൻപായും ആരംഭിച്ചിട്ടില്ലാതിരുന്നവ ജില്ലാ കളക്ടർമാർ തന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റദ്ദു ചെയ്തിട്ടുണ്ട്.

(സി) 30 പണികൾ ഈ കാലയളവിൽ അനുവദിച്ചു. പണികളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ഡി) ഒന്നും റദ്ദാക്കിയിട്ടില്ല.

(ഇ) ഉത്തരം (ബി)യിൽ പറഞ്ഞ പ്രകാരം റദ്ദു ചെയ്യേണ്ടുന്ന പണികളെക്കുറിച്ച് ജില്ലാ കളക്ടർ റിപ്പോർട്ടു ചെയ്തതിൻ പ്രകാരമാണ്. എ.ആർ റോഡുപണിയും, സുഭാഷ് നഗർ റോഡുപണിയും റദ്ദു ചെയ്തിട്ടുള്ളത്.

(എഫ്)റദ്ദു ചെയ്ത റോഡുകളുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള അപേക്ഷകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

ദേശീയ കുടുംബക്ഷേമ പദ്ധതി

81 (2137)ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബക്ഷേമപദ്ധതിപ്രകാരമുള്ള എത്ര അപേക്ഷകൾ പത്തനംതിട്ട ജില്ലയിൽ ലഭിച്ചിട്ടുണ്ട്;

(ബി) താലൂക്കും, വില്ലേജും തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) 1996 ജനുവരി 1-ാം തീയതി മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടില്ല;

(ഡി) അതിൽ എത്ര അപേക്ഷകളിൽ തീരുമാനമായി എന്നും കൊടുത്ത തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ഇ) തീരുമാനമാകാതെ കിടക്കുന്ന അപേക്ഷകൾ എത്ര; കാരണങ്ങൾ എന്തെല്ലാം;

(എഫ്)തീരുമാനമാകാതെ കിടക്കുന്ന അപേക്ഷകളിൽ പ്രത്യേക അന്വേഷണവിഭാഗത്തെ നിയമിച്ച് രണ്ടു മാസത്തിനകം തീർപ്പു കൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 30.6.1999 വരെ 1473 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) താലൂക്ക് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

അടൂർ	-	404
റാന്നി	-	239
തിരുവല്ല	-	228
കോഴഞ്ചേരി	-	429

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മല്ലപ്പള്ളി - 173

വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി) 1473 അപേക്ഷകൾ.

(ഡി) 217 അപേക്ഷകൾ.

കൊടുത്ത തുക 17 ലക്ഷം രൂപ.

(ഇ)-(എഫ്) ഫണ്ടിന്റെ ദൗർലഭ്യം മൂലം 1154 അപേക്ഷകൾ തീരുമാന മാകാതെ കിടപ്പുണ്ട്. 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ ഈ പദ്ധ തിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും തുക ലഭിക്കുന്ന മുറക്ക് തീർപ്പു കല്പി ക്കുന്നതാണ്.

റവന്യൂ സ്ഥലം വിട്ടുകൊടുക്കാൻ നടപടി

82 (2138)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ ബസ് സ്റ്റാന്റ് വികസന ത്തിനാവശ്യമായ റവന്യൂ സ്ഥലം വിട്ടുകൊടുക്കാൻ വേണ്ടി സർക്കാരിനോട് ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് പ്രസ്തുത സ്ഥലം പ്രതിഫല മില്ലാതെ വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുനിസിപ്പാലിറ്റിയുടെ ആവശ്യം സർക്കാർ പരിശോധിച്ചുവ രുന്നു.

റവന്യൂ വകുപ്പു ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

83 (2139)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ജീവനക്കാരുടെ ഏതെല്ലാം സീനിയോറിറ്റി ലിസ്റ്റുകളാണ് പൂർത്തിയായിട്ടുള്ളത്.

(ബി) കുറ്റമറ്റ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ജീവനക്കാർക്ക് പ്രൊമോഷൻ നൽകിത്തുടങ്ങിയോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വിശദീ കരിക്കുമോ;

(സി) കരട് സീനിയോറിറ്റി ലിസ്റ്റിൽ പരാതി നൽകിയ മുഴുവൻ ജീവ നക്കാർക്കും വ്യക്തിപരമായി മറുപടി നൽകുമോ;

(ഡി) കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ നിന്നും ഇനി ഏതെല്ലാം ലിസ്റ്റുകളാണ് കുറ്റമറ്റതാക്കി പ്രസിദ്ധീകരിക്കാനുള്ളതെന്ന് വ്യക്ത മാക്കുമോ; അതിനുള്ള കാലതാമസം എന്താണെന്നും വിശദീകരിക്കുമോ;

(ഇ) ഏതെല്ലാം പോസ്റ്റുകളിൽ എത്രവീതം ഒഴിവുകൾ നികത്താ നുണ്ട് എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly